## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1644** — **31/01/2018-ൽ മറുപടിയ്ക്ക്**

### ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>,, അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് പദ്ധതിയുടെ സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഗുണഭോക്താക്കളെ കണ്ടെത്തുവാൻ സർവ്വെ നടത്തിയത് ഏത് സംഘടനയാണ്; | (എ) | ഉണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) ആണ് സർവ്വേ നടത്തിയത്. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മാർഗ്ഗനിർദ്ദേശപ്രകാരം തയ്യാറാക്കിയ, സർവ്വെയുടെ അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ വ്യാപകമായി അനർഹർ കടന്ന് കൂടി എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന തലത്തിൽ അപ്പീൽ & സ്കൂട്ടിനി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന തദ്ദേശസ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാം ഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു. |
| (സി) | പുറമ്പോക്ക്, തീരദേശ മേഖല, തോട്ടം മേഖല എന്നിവിടങ്ങളിൽ | (സി) | ഉണ്ട്. പ്രത്യേക മുൻഗണന നിലവിൽ നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | താല്ക്കാലിക ഭവനം ഉള്ളവരെ ഈ സർവ്വെയിൽ ഗുണഭോക്താക്കൾ ആക്കിയിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ളവർക്ക് മുൻഗണന നൽകുമോ; | | |
| (ഡി) | ലൈഫ് പദ്ധതി വന്നതോടുകൂടി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏതെങ്കിലും നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇല്ല. വിവിധ വകുപ്പുകൾ നടത്തിവന്നിരുന്ന വിവിധ ഭവന പദ്ധതികൾ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് ഇനി മുതൽ നടപ്പിലാക്കുക. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും ലൈഫുമായി സംയോജിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ